ശ്രീ. ആർ. ശങ്കർ : 36 ലക്ഷത്തോളം കുട്ടികൾ കഴിഞ്ഞവർഷം ഉണ്ടായിരുന്ന ആണ്ടയോടും ഒന്നേമുക്കാൽ, രണ്ടുലക്ഷത്തോളം കുട്ടികൾ വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : അടുത്ത സ്കൂൾവർഷത്തിൽ വർദ്ധിക്കാൻ ഇടയുള്ള കുട്ടികളുടെ തോതനുസരിച്ച് എത്ര ലക്ഷം രൂപയുടെ കൂടുതൽ ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ശ്രീ. ആർ. ശങ്കർ : രണ്ടുലക്ഷം കുട്ടികൾ കൂടുതൽ ഉണ്ടായാൽ, 6000 അദ്ധ്യാപകരെ പുതുതായി വേണ്ടിവരും. അവർക്ക് റെക്കറിംഗ് ശമ്പളം ഇനത്തിൽ ഏകദേശം എഴുപതുലക്ഷം രൂപവരെ ചെലവുവരും. മൂലധനച്ചെലവായിട്ട് നാലുകോടിയോളം രൂപയാകും. ആണ്ടതോറും അതു തോറിച്ച് ഒരു ചെലവായിരിക്കും. പ്രൈവറ്റ് സ്കൂളാണെങ്കിൽ മൂലധനച്ചെലവു കുറഞ്ഞിരിക്കും.

ശ്രീ. എം. നാരായണക്കുറുപ്പ് : പൊതുതുത്തി ലവൽ ക്രോസിംഗ് കടന്നുപോകുന്ന റോഡരികിൽ, 'ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ' എന്നൊരു വലിയ ബോർഡു വളരെ ആകർഷകമായരീതിയിൽ കാണുന്നുണ്ട്. ബഹുമാനപ്പെട്ടമന്ത്രി പറഞ്ഞിട്ടുണ്ട്, യാതൊരു ഹയർ സെക്കൻഡറിസ്കൂളും ഇപ്പോൾ ഇല്ലെന്നു; അതിന്റെ അർത്ഥം എന്താണു ?

ശ്രീ. ആർ. ശങ്കർ : 'ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ' എന്നൊരു ബോർഡ് അവിടെ ഇരിക്കുന്നുണ്ടെന്നാണു' അതിന്റെ അർത്ഥം.

ശ്രീ. കെ. ഹസ്സൻഗനി : ഗ്രാമപ്രദേശങ്ങളിലുള്ളതിനെക്കാൾ, ഓരോ വർഷവും പട്ടണങ്ങളിൽ കുട്ടികൾ വളരെ കൂടുതൽ സ്കൂളുകളിൽ പോകുന്നുണ്ട് ആ വസ്തുത പരിഗണിച്ച്, ഇന്ന് എഡ്യൂക്കേഷൻ റൂൾസിൽ ഇത്ര ഏക്കർ സ്ഥലം വേണമെന്നു വ്യവസ്ഥ ചെയ്തിട്ടുള്ളതിന് എന്തെങ്കിലും മാറ്റം വരുത്തുമോ? കോഴിക്കോട്, മട്ടാഞ്ചേരി, മുതലായ പട്ടണങ്ങളിൽ കൂടുതൽ സ്ഥലം കിട്ടാൻ വിഷമമായതുകൊണ്ട് ഈ വ്യവസ്ഥയിൽ അയവുവരുത്താതെ ബുദ്ധിമുട്ടു നേരിടുന്നുണ്ട്.

ശ്രീ. ആർ. ശങ്കർ : ഗ്രാമപ്രദേശങ്ങളിലേക്കാൾ കുട്ടികൾ പട്ടണത്തിലുണ്ടെന്നു പറയുന്നതു ശരിയല്ല. പട്ടണങ്ങളിൽ മുൻപുതന്നെ കുട്ടികൾക്കു പഠിക്കാനുള്ള സൗകര്യം ഉണ്ടായിരുന്നു. ഗ്രാമപ്രദേശങ്ങളിലാണു കൂടുതൽകൂടുതൽ കുട്ടികൾ സ്കൂളുകളിൽ പോകാൻ തുടങ്ങിയിരിക്കുന്നതു്. പട്ടണങ്ങളിൽ വളരെ ജനത്തിരക്കുള്ളതുകൊണ്ട് ഇന്നു വ്യവസ്ഥ ചെയ്തിട്ടുള്ള സ്ഥലത്തിന്റെ വിസ്തൃതിയിൽ കുറവുവരുത്തുന്നതു് ബോധപൂർവ്വമായിരിക്കയില്ല. വേണ്ടിടത്തോളം സ്ഥലം ഇല്ലെങ്കിൽ, മറ്റു സ്ഥലത്തു് വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടാക്കുകയാണു വേണ്ടതു്.

മോട്ടോർ അപകടങ്ങൾ.

* 531. [15] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും, തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോറികളുമായി ബന്ധപ്പെട്ടിട്ടുള്ള എത്ര മോട്ടോർ അപകടങ്ങൾ 1963-ൽ കേരളത്തിൽ ഉണ്ടായിട്ടുണ്ട് ;

(ബി) അവയിൽ എത്രയെണ്ണം കോടതി ശിക്ഷയ്ക്കു വിധേയമായിട്ടുണ്ട് ;

(സി) ലോറികളുടെ over speed നിയന്ത്രിക്കുവാൻ നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) 613.

(ബി) 159.

(സി) ലോറികളുടെ ഓവർ സ്പീഡു നിയന്ത്രിക്കാൻ നടപടികളും എടുക്കുന്നുണ്ടു്. മോട്ടോർവാഹന നിയമങ്ങളും കർശനമായി നടപ്പാക്കുക, ഓവർ സ്പീഡും ഓവർ ലോഡും കുറയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക മുതലായ നടപടികളും ചെയ്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. എം. വി. വാസു : അപകടം ഉണ്ടായി കാമ്പൻസേഷൻ ആവശ്യപ്പെട്ടപ്പോഴും, പെർമിറ്റില്ലാത്ത റോഡിൽക്കൂടി ഓടിച്ചപ്പോഴും അപകടം സംഭവിച്ചതായതുകൊണ്ടു കാമ്പൻസേഷൻ കിട്ടാതെ വരുന്നുണ്ടു്. ഒന്നുകിൽ പെർമിറ്റില്ലാത്ത റോഡുകളിൽക്കൂടി ലോറികളും ഓടാൻ അനുവദിക്കരുതു്. അല്ലെങ്കിൽ, അങ്ങനെ ഓടിക്കുമ്പോഴും അപകടം ഉണ്ടായാൽ കമ്പൻസേഷൻ കിട്ടുവാൻ വ്യവസ്ഥ ചെയ്യണം.

ശ്രീ. കെ. ടി. അച്യുതൻ : പെർമിറ്റില്ലാതെ ഓടിക്കുന്ന ലോറികളുടെ പേരിൽ നടപടി എടുക്കുന്നുണ്ടു്. കാമ്പൻസേഷൻ കിട്ടാതെ വന്നിട്ടുള്ളതായി പരാതി കിട്ടിയിട്ടില്ല. പരാതി വന്നാൽ അതിനെപ്പറ്റി പരിശോധിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പു് : ലോറികളും ഓടിക്കാൻ പാടില്ലെന്നു ബോർഡെഴുതിവച്ചിട്ടുള്ള റോഡുകളിൽക്കൂടി ലോറികളും ഓടിക്കുന്ന വിവരി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെ ബോർഡു സ്ഥാപിച്ചിട്ടുള്ളതിന്റെ താൽപര്യം ഓടിക്കാൻ പാടില്ലെന്നാണു്. അതിനു് പ്രത്യേകം വാച്ചുമാന്മാരേയോ, പോലീസു ഡ്യൂട്ടിയോ ഏർപ്പാടു ചെയ്തിട്ടില്ല. കഴിയുന്നതു ഓടിക്കാൻ പാടില്ലെന്നുള്ള വ്യവസ്ഥ പാലിക്കണം. രാത്രികാലങ്ങളിൽ ഓടിക്കുന്നുണ്ടോ എന്നു അറിയാൻ പാടില്ല.

WRITTEN ANSWERS.

ബസ്സുറൂട്ടുകളുടെ ദേശസാൽക്കരണം.

* 532. [16] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) 1960—നുശേഷം ഏതെല്ലാം ബസ്സു റൂട്ടുകൾ ദേശസാൽക്കരിച്ചിട്ടുണ്ടു് ;

(ബി) അടുത്ത സാമ്പത്തികവർഷത്തിൽ ഏതെങ്കിലും റൂട്ടു ദേശസാൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം ;

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(ബി) തീരുമാനിച്ചിട്ടില്ല.

(സി) ചോദ്യമുദിക്കുന്നില്ല.

† Placed in the library.

LIBRARY ARCHIVES Kerala Legislative Assembly